# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 402 29/06/2016-ൽ മറുപടിക്ക്

## വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി കമ്മി നികത്തുന്നതിനും നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. നൗഷാദ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉൽപാദനം വർദ്ധിപ്പിക്കുവാൻ എന്തൊക്കെ അടിയന്തര നടപടി കളാണ് പരിഗണനയിലുള്ളത്; | (എ) സംസ്ഥാനത്തെ വൈദ്യുതോത്പാദനം ത്വരിതഗതിയിൽ വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് വരുന്നു. ജലവൈദ്യുത പദ്ധതികളിൽ നിന്ന് 500 മെഗാവാട്ടും, സൗരോർജ്ജം, കാറ്റ് മുതലായ പുനരുപയോഗ സ്രോതസ്സുകളിൽ നിന്ന് 1500 മെഗാവാട്ടും, ഒരു താപ നിലയത്തിൽ നിന്ന് 1320 മെഗാവാട്ടും ഉല്പാദിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കിയും, പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചും വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശി ക്കുന്നു. മുടങ്ങിക്കിടക്കുന്ന മൂന്ന് ജലവൈദ്യുതി പദ്ധതികളുടെ പണി പുനരാരംഭിക്കുവാനും ലക്ഷ്യ മിട്ടിട്ടുണ്ട്. |

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും വൈദ്യുതോല്പാദനം നടത്തുന്നതിന് പരിഗണന യിലുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| കെ.എസ്.ഇ.ബി.എൽ – ന്റെ പണി നടന്നുവരുന്നതും ടെണ്ടർ ചെയ്യുന്നതുമായ പദ്ധതികൾ | 21.2915 MW |

| | |
|---|---|
| കെ.എസ്.ഇ.ബി.എൽ – ഉം പ്ലാനിംഗ് ബോർഡും (ജില്ലാ പഞ്ചായത്തുകളിൽ) ചേർന്ന് നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന സോളാർ പദ്ധതികൾ | 20.331 MW |
| കെ.എസ്.ഇ.ബി.എൽ–ഉം സോളാർഎനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ -യുമായി ചേർന്ന് നടപ്പിൽ വരുത്തുന്ന സോളാർ പാർക്ക് | 200 MW |

ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം സ്വകാര്യ മേഖലയിൽ 55 ചെറുകിട ജലവൈദ്യുത പദ്ധതികൾ ക്യാപ്റ്റീവ് (CPP), സ്വതന്ത്ര (IPP) വിഭാഗങ്ങളിലായി ബൂട്ട് അടിസ്ഥാനത്തിൽ (Build, Own Operate & Transfer) നിർമ്മിക്കുന്നതിനുള്ള മത്സരദർഘാസിന്റെ ഒന്നാം ഘട്ടമായ പ്രീ ക്വാളിഫിക്കേഷൻ നടപടികൾ നടന്നു വരുന്നു.

(ബി) പുതിയ ജലവൈദ്യുത പദ്ധതികളെ ന്തെങ്കിലും പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റുന്നതിനായി 445.5 MW ന്റെ പുതിയ 20 ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ, 18 പുതിയ ജലവൈദ്യുത പദ്ധതികളുടെ ഇൻവെസ്റ്റിഗേഷനും ഡി.പി.ആർ തയ്യാറാക്കലും ലക്ഷ്യമിട്ടിട്ടുണ്ട്. (ആകെ 110.5 MW). ഇതുകൂടാതെ, നിലവിലുള്ള ജലാശയങ്ങളെ ബന്ധിപ്പിച്ച് 'Pumped Storage' സ്കീമുകളുടെയും, നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതാപഠനങ്ങളും നടന്നു വരുന്നു.

(സി) സംസ്ഥാനത്തെ ഓരോ ജലവൈദ്യുത പദ്ധതിയുടെയും ശേഷിയെയും ഉൽപാദനത്തെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഡി) വൈദ്യുതി കമ്മി നികത്താൻ സർക്കാർ നിലവിൽ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

(ഡി) DBFOO (Design Build Finance Own Operate) സംവിധാനം വഴി, 25 വർഷത്തേയ്ക്ക് 865 മെഗാവാട്ട് വൈദ്യുതി വിവിധ ഉൽപ്പാദകരിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള കരാറി- ലേർപ്പെട്ടിട്ടുണ്ട്. ഇതിൽ 165 മെഗാവാട്ട് വൈദ്യുതി 01.06.2016 മുതൽ ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

Case -1 bidding route-ലൂടെ കരാറിലേർപ്പെട്ടിരുന്ന 400 മെഗാവാട്ട് വൈദ്യുതി 2017 ഫെബ്രുവരി മാസം വരെ ലഭ്യമാക്കിയിട്ടുണ്ട്.

Maithon, DVC എന്നിവയിൽ നിന്ന് 400 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിന് ദീർഘകാല കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ വൈദ്യുതി ലഭ്യമായി തുടങ്ങിയിട്ടുണ്ട്.

പുതിയ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഉപഭോക്താക്കളുടെ സൗരോർജ്ജ ഉൽപ്പാദനത്തിന് കൂടുതൽ ആനുകൂല്യങ്ങൾ നൽകി ആകർഷകമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2016-17 വർഷത്തിൽ 12.6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള മൂന്നു ചെറുകിട വൈദ്യുതി നിലയങ്ങൾ കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിവരുന്നു.

വൈദ്യുതി എക്സ്ചേഞ്ചുകളിൽ നിന്ന് അനുകൂല സമയത്ത് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

DEEP (E-tendering) മുഖാന്തിരം, രാജ്യത്തിന്റെ വിവിധ മേഖലകളിൽ നിന്ന് കൂടുതൽ വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി DELP (Domestic Efficient Lighting Programme) പോലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഈ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഉപഭോക്താക്കൾക്ക് സൗജന്യമായും മറ്റ് ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിലും 2 എൽ.ഇ.ഡി. ബൾബുകൽ നൽകി വരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, സാമൂഹിക/ സാംസ്കാരിക സംഘടനകളുടെയും സഹകരണത്തോടെ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം: I

ച.ര.ച.നം. 402.

# Details of average daily Hydel generation in June2016

| Sl No | Name of Power station | Capacity, unit | Installed | Remark |
|---|---|---|---|---|
| 1 | 2 | 3 | 4 | |
| | **Hydro** | | MW | MU |
| 1 | Kuttiadi + KES+KAES | x25+ 1x50+2x5 | 225.00 | 1.089 |
| 2 | Sholayar | 3x18 | 54.00 | 0.206 |
| 3 | Poringalkuthu | 4x9 | 36.00 | 0.081 |
| 4 | PLBE | 1x16 | 16.00 | 0.088 |
| 5 | Pallivasal | 3x5+3x7.5 | 37.50 | 0.528 |
| 6 | Sengulam | 4x12 | 48.00 | 0.335 |
| 7 | Panniar | 2x16 | 32.00 | 0.000 |
| 8 | Neriamangalam+NES | 3x17.5+25 | 77.50 | 0.522 |
| 9 | Sabarigiri | 55x4+60x2 | 340.00 | 2.017 |
| 10 | Idukki | 6x130 | 780.00 | 3.725 |
| 11 | Idamalayar | 2x37.5 | 75.00 | 0.504 |
| 12 | Lower Periyar | 3x60 | 180.00 | 0.870 |
| 13 | Kakkad | 2x25 | 50.00 | 0.402 |
| 14 | Kallada | 2x7.5 | 15.00 | 0.130 |
| 15 | Peppara | 3 | 3.00 | 0.000 |
| 16 | Madupetty | 2 | 2.00 | 0.010 |
| 17 | Malampuzha | 2.5 | 2.50 | 0.000 |
| 18 | Chembukadavu stage I & II | 0.9x3+1.25x3 | 6.45 | 0.028 |
| 19 | Urumi stage I & II | 3x1.25 + 3x0.8 | 6.15 | 0.054 |
| 20 | Malankara | 3 x 3.5 | 10.50 | 0.089 |
| 21 | Lower Meenmutty | 2x1.5+0.5 | 3.50 | 0.025 |
| 22 | Kuttiady tail race | 3x1.25 | 3.75 | 0.025 |
| 23 | Poozhithode | 3x1.6 | 4.80 | 0.035 |
| 24 | Ranni-Perunadu | 2x2 | 4.00 | 0.028 |
| 25 | Peechi | 1x1.25 | 1.25 | 0.000 |
| 26 | Vilangad | 7.5 | 7.50 | 0.033 |
| 27 | Chimini | 2.5 x 1 | 2.50 | 0.000 |
| 28 | Adiyan para | 1.5 x 2 + 0.5 X 1 | 3.50 | 0.011 |
| 29 | Barapole | 3x5 | 15.00 | 0.000 |
| 34 | Maniyar (CPP) | 3x4 | 12 | 0.124 |
| 35 | Kuthungal (CPP) | 3X7 | 21 | 0.025 |
| | **Hydro (IPP)** | | | |
| 41 | Ullunkal | 2X3.5 | 7 | 0.05487 |
| 42 | Iruttukkanam | 1.5X3 | 4.5 | 0.08295 |
| 43 | Karikkayam | 3X3.5 | 10.5 | 0.079 |
| 44 | Meenvallom | 1X3 | 3 | 0.029 |
| | **Total - Hydro** | | **2100.40** | **11.229** |

സെക്ഷൻ ഓഫീസർ